# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2879** **07.12.2018 ലെ മറുപടി**

### കൊച്ചിൻ ഫ്രോണ്ടിയർ തോട് ആഴം കൂട്ടി പാർശഭിത്തി കെട്ടിയുള്ള ജലസേചന പദ്ധതി

**ചോദ്യം**

**ശ്രീ.മുരളി പെരുനെല്ലി:**

കുന്നംകുളം മുനിസിപ്പാലിറ്റിയിലെ മധുരക്കുളം മുതൽ കണ്ടാണശ്ശേരി, ഗുരുവായൂർ മുനിസിപ്പാലിറ്റി, എളവള്ളി, മുല്ലശ്ശേരി പഞ്ചായത്തുകളിലൂടെ കടന്ന് പെരുവല്ലൂർ പരപ്പുഴ വഴി മുല്ലശ്ശേരി കനാലിലെത്തുന്ന കൊച്ചിൻ ഫ്രോണ്ടിയർ തോട് ആഴം കൂട്ടി പാർശഭിത്തി കെട്ടിയുള്ള ജലസേചന പദ്ധതിയ്ക്ക് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

**മറുപടി**

**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

കൊച്ചിൻ ഫ്രോണ്ടിയർതോടിന്റെ പാർശ്വ ഭിത്തികളുടെ നവീകരണത്തിനും വെള്ള പ്പൊക്കം തടയുന്നതിനും ആവശ്യമായ രണ്ട് സ്ലൂയിസുകൾ നിർമ്മിക്കുന്നതിനും തടസ്സങ്ങൾ നീക്കി തോട്ടിലൂടെയുള്ള ജലനിർഗ്ഗമനം സുഗമ മാക്കുന്നതിനുമായുള്ള പ്രവൃത്തി നടപ്പിലാക്കുന്നത് പരിശോധിക്കുന്നതിന് ചീഫ് എഞ്ചിനീയർ (ജലസേചനവും ഭരണവും) ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പരിശോധിക്കുന്നതാണ്. കൂടാതെ ഏകദേശം 10 കിലോമീറ്റർ നീളമുള്ള കൊച്ചിൻ ഫ്രോണ്ടിയർ തോടിന്റെ കൂടുതൽ പ്രവർത്തികൾ അതാതു പഞ്ചായത്തുകളുടെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് നടപടി എടുത്തു വരുന്നു.

സെക്ഷൻ ഓഫീസർ